"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് - രജിസ്ട്രേഷൻ - ഓപ്പറേഷൻ പഞ്ചകിരൺ - കോട്ടയം ജില്ലയിലെ തെങ്ങണ സബ് രജിസ്ട്രാരാഫീസിൽ വിജിലൻസ് നടത്തിയ മിന്നൽ പരിശോധന - സബ് രജിസ്ട്രാർ ശ്രീ.ഹാഷിം.എസ്, ഹെഡ് ക്ലർക്ക് ശ്രീ.വിനോദ്കുമാർ.എസ്. എന്നിവർക്കെതിരായ അച്ചടക്കനടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.560/2024/TAXES തീയതി, തിരുവനന്തപുരം, 24-06-2024

---

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 20/03/2023-ലെ ഇ7-എസ് സി-67/2022/കെ.റ്റി.എം.)5273/2023/ഡിവിഎസിബി നമ്പർ കത്ത്.
2. ശ്രീ.ഹാഷിം.എസ്, ശ്രീ.വിനോദ്കുമാർ.എസ്. എന്നിവർക്ക് നൽകിയ 26/04/2023-ലെ ഇ1/223/2023-നികുതി നമ്പർ കുറ്റപത്രം.
3. രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ 02/03/2024-ലെ ഐജിആർ/59/2024-ഇ9 നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാനത്തെ സബ് രജിസ്ട്രാർ ഓഫീസുകളിൽ ആധാരം രജിസ്റ്റർ ചെയ്യാനെത്തുന്ന കക്ഷികളിൽ നിന്ന് കൂടുതൽ തുക ആധാരമെഴുത്തുകാർ വാങ്ങി ജീവനക്കാർക്ക് നൽകുന്നുവെന്നും, രജിസ്റ്റർ ചെയ്യുന്ന വസ്തുവിന്റെ വില കുറച്ച് കാണിച്ച് സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ സർക്കാരിന് ലഭിക്കേണ്ട തുകയിൽ ഭീമമായ കുറവ് വരുത്തുക വഴി കക്ഷികൾക്ക് ലഭിക്കുന്ന ഇളവിന്റെ വിഹിതം ആധാരമെഴുത്തുകാർ മുഖേന സബ് രജിസ്ട്രാർ ഓഫീസിലെ ജീവനക്കാർ വാങ്ങിവരുന്നുവെന്നും മറ്റുമുള്ള ആരോപണങ്ങളിന്മേൽ **"ഓപ്പറേഷൻ പഞ്ചകിരൺ"** എന്ന പേരിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ കോട്ടയം യൂണിറ്റ് 15/11/2022-ന് കോട്ടയം ജില്ലയിലെ തെങ്ങണ സബ് രജിസ്ട്രാർ ഓഫീസിൽ നടത്തിയ മിന്നൽ പരിശോധനയിൽ താഴെ പറയുന്ന ക്രമക്കേടുകൾ കണ്ടെത്തിയതായി **പരാമർശം (1) പ്രകാരം** വിജിലൻസ് റിപ്പോർട്ട് ചെയ്യുകയുണ്ടായി;

*(i) തെങ്ങണ സബ് രജിസ്ട്രാർ ഓഫീസിലെ ആധാരം ഇഷ്യൂ രജിസ്റ്ററിന്റെ 148 മുതൽ 249 വരെയുള്ള പേജുകളിൽ 09/11/2022-ന് ശേഷം രജിസ്റ്റർ ചെയ്യുന്ന ആധാരങ്ങളുടെ വിവരങ്ങൾ യഥാവിധി എഴുതി സൂക്ഷിച്ചിട്ടില്ല. കൂടാതെ പരിശോധനാ സമയം സ്കാനർ ഇരിക്കുന്ന മേശയുടെ പ്രിന്ററിന് സമീപത്ത് നിന്ന് 100/- രൂപ അനധികൃതമായി കാണപ്പെട്ടത് ഓഫീസ് മേധാവിയെന്ന നിലയിൽ തെങ്ങണ സബ് രജിസ്ട്രാറുടെ വീഴ്ചയാണ്.*

*(ii) ഹെഡ് ക്ലർക്ക് ശ്രീ.വിനോദ് കുമാർ എസ്. ഉപയോഗിച്ച് വരുന്ന മേശവിരിക്കടിയിൽ നിന്ന് ചുരുട്ടി വച്ചിരുന്ന നിലയിൽ 200/- രൂപ അനധികൃതമായി കാണപ്പെട്ടിട്ടുള്ളതും ആയതിന് ടിയാൻ*

*നൽകിയ വിശദീകരണം തൃപ്തികരമല്ലാത്തതും ടി പണം കൈക്കൂലിയായി ടിയാൻ വാങ്ങിയതാണെന്നും അനുമാനിക്കുന്നു.*

2) മേൽ അപാകതകൾക്കുത്തരവാദികളായ സബ് രജിസ്ട്രാർ ശ്രീ.ഹാഷിം എസ്., ഹെഡ് ക്ലർക്ക് ശ്രീ.വിനോദ് കുമാർ എസ്. എന്നിവർക്കെതിരെ KCS(CC&A) ചട്ടങ്ങളിലെ ചട്ടം 16 പ്രകാരം അച്ചടക്ക നടപടി ആരംഭിക്കുകയും പരാമർശം (2) പ്രകാരം കുറ്റാരോപണമെമ്മോ നൽകുകയും ചെയ്യുകയുണ്ടായി. കുറ്റാരോപണമെമ്മോയ്ക്ക് ടിയാൾക്കാർ സമർപ്പിച്ച വിശദീകരണം പരാമർശം (3) പ്രകാരം രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ ലഭ്യമാക്കുകയുണ്ടായി.

3) 11/12/2022 മുതൽ 14/11/2022 വരെയുള്ള ആധാരങ്ങളുടെ വിവരങ്ങൾ ഇഷ്യൂ രജിസ്റ്ററിൽ യഥാവിധി എഴുതി സൂക്ഷിക്കാഞ്ഞത് ജോലിത്തിരക്കു മൂലമുണ്ടായ വീഴ്ചയാണെന്നും, മേലിൽ വീഴ്ച സംഭവിക്കാതെ സൂക്ഷിച്ചുകൊള്ളാമെന്നും, ഇപ്പോൾ യഥാവിധി രജിസ്റ്റർ പരിപാലിച്ചുപോരുന്നുവെന്നും സബ് രജിസ്ട്രാർ ശ്രീ.ഹാഷിം എസ്. ബോധിപ്പിക്കുകയുണ്ടായി. പൊതുജനങ്ങൾ വരുന്ന സ്ഥലത്താണ് മേശയിരിക്കുന്നതെന്നും, പ്രസ്തുത സ്ഥലം ക്ലാർക്കുമാർ ഇരുന്നു ജോലി ചെയ്യുന്നയിടമാണെന്നും, അവിടെനിന്നും കണ്ടെടുത്ത 100/- രൂപയിൽ ടിയാന് ഉത്തരവാദിത്വമില്ലെന്നും സബ് രജിസ്ട്രാർ ശ്രീ.ഹാഷിം എസ്. ബോധിപ്പിക്കുകയുണ്ടായി.

4) താൻ ഉപയോഗിച്ചുവരുന്ന മേശവിരിക്കടിയിൽ നിന്നും കണ്ടെത്തിയ 200/- രൂപ ക്ഷേമനിധി സ്റ്റാമ്പ് വിറ്റ തുകയാണെന്നും, വിജിലൻസ് പരിശോധനാ ദിവസം ഉച്ചയ്ക്കുശേഷം ആധാരമെഴുത്തു ലൈസൻസിയായ ശ്രീ.ജോർജ്ജ് കുഞ്ഞ് വർഗ്ഗീസ് സ്റ്റാമ്പിനായി വന്ന സമയം ടിയാൻ മറ്റൊരു ജോലിത്തിരക്കിലായിരുന്നതിനാൽ കക്ഷിക്ക് അസൗകര്യമുണ്ടാകാതിരിക്കുവാൻ 50/- രൂപയ്ക്ക് സ്റ്റാമ്പ് കൊടുത്ത് 200/- രൂപ വാങ്ങി, ഫാനിന്റെ കാറ്റുമൂലം പറന്നുപോകാതിരിക്കാനാണ് മേശവിരിയുടെ അടിയിൽ സൂക്ഷിച്ചതെന്ന് ഹെഡ് ക്ലർക്ക് ശ്രീ.വിനോദ് കുമാർ എസ്. ബോധിപ്പിക്കുകയുണ്ടായി.

5) ശ്രീ.ഹാഷിമിന്റെ വിശദീകരണം പരിഗണിക്കാവുന്നതാണെന്നും, നിയമാനുസൃതം വാങ്ങിയ തുക മേശവിരിക്കടിയിൽ സൂക്ഷിച്ചതാണെന്ന ശ്രീ.വിനോദ് കുമാറിന്റെ വാദം പരിഗണനാർഹമല്ലെന്നും രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ അഭിപ്രായപ്പെടുകയുണ്ടായി.

6) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ശ്രീ.ഹാഷിമിന്റെ വിശദീകരണം തൃപ്തികരമായി കാണുന്നതിനാൽ ടിയാനെതിരെ ആരംഭിച്ച അച്ചടക്കനടപടി മേൽ നടപടി കൂടാതെയും, നിയമാനുസൃതം വാങ്ങിയ തുക രജിസ്റ്ററിൽ ചേർക്കാതെ മേശവിരിക്കടിയിൽ സൂക്ഷിച്ചത് ശ്രീ.വിനോദ് കുമാറിന്റെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയായതിനാൽ ടിയാനെതിരെ ആരംഭിച്ച അച്ചടക്കനടപടി KCS(CC&A) ചട്ടങ്ങളിലെ ചട്ടം 11 (1) (i) പ്രകാരം **'Censure'** നൽകിയും തീർപ്പാക്കി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

PRAMOD M V

ജോയിന്റ് സെക്രട്ടറി

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ, തിരുവനന്തപുരം.

ശ്രീ.ഹാഷിം.എസ്, സബ് രജിസ്ട്രാർ, (രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ മുഖേന.)

ശ്രീ.വിനോദ്കുമാർ.എസ്, ഹെഡ് ക്ലർക്ക്, (രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ

മുഖേന. )

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം,

തിരുവനന്തപുരം.

ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.

വിജിലൻസ് (എ) വകുപ്പ്, (08/10/2023-ലെ വിജി-എ2/236/2023-വിജി പ്രകാരം.)

വെബ്ബ് & ന്യൂ മീഡിയ, (സർക്കാർ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.) സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Praneesh M P

Date: 24-06-2024 11:30:44

സെക്ഷൻ ഓഫീസർ